കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/10/174/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994-256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 22.02.2019

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ.),

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ. മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-10/174/2019 തിയതി :22.02.2019

# കാസറഗോഡ് ജില്ലയിലെ വെസ്റ്റ്എളേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ വെസ്റ്റ്എളേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-06-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2017 മുതൽ 31-03-2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 04.02.2019 മുതൽ 12.02.2019 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ഗോപാലകൃഷ്ണനായിക്.പി | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | വിനോദ് കുമാർ.സി | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുധീഷ്.എൻ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രസീത രാജൻ | 01-04-2017മുതൽ 31-03-2018വരെ |
| സെക്രട്ടറി | വൈ,ഫിലിപ്പ് | 01-04-2017മുതൽ 06-05-2017വരെ |
| | ജോസഫ്.സി.എ. (അസി.സെക്രട്ടറി) | 07-05-2017മുതൽ 13-06-2017വരെ |
| | ഹരികൃഷ്ണൻ.എം.പി. | 14-06-2017മുതൽ 08-09-2017വരെ |
| | ജോസഫ്.സി.എ. (അസി.സെക്രട്ടറി) | 09-09-2017മുതൽ 18-09-2017വരെ |
| | രാമകൃഷ്ണൻ.കെ. | 19-09-2017മുതൽ 22-02-2018വരെ |
| | ജോസഫ്.സി.എ. (അസി.സെക്രട്ടറി) | 23-02-2018മുതൽ 28-02-2018വരെ |
| | രജിത്ത്.ആർ. (അസി.സെക്രട്ടറി) | 01-03-2018 |
| | സുനിൽ കുമാർ.പി.ജി. | 02-03-2018മുതൽ 31-03-2018വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ. നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ജോസഫ്.സി.എ. | 01-04-2017മുതൽ 28-02-2018വരെ |
| | | രജിത്ത്.ആർ. | 01-03-2018മുതൽ 31-03-2018വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | മോഹനൻ.പി.വി. | 01-04-2017മുതൽ 31-03-2018വരെ |
| 3 | കൃഷി ഓഫീസർ | ഐശ്വര്യ.സി.എസ്. | 01-04-2017മുതൽ 02-08-2017വരെ |
| | | കെ.എൻ.ജ്യോതികുമാരി | 03-08-2017മുതൽ 31-01-2018വരെ |

| | | | |
|---|---|---|---|
| | | പ്രവീൺ ജോൺ | 01-02-2018മുതൽ 31-03-2018വരെ |
| 4 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശിഖ മാർവ്വിൻ | 01-04-2017മുതൽ 23-07-2017വരെ |
| | | റീന കുമാരി | 24-07-2017മുതൽ 31-03-2018വരെ |
| 5 | വി.ഇ.ഒ. (ഭീമനടി സർക്കിൾ) | സുരേന്ദ്രൻ.വി. | 01-04-2017മുതൽ 13-11-2017വരെ |
| | | അനീഷ്.ടി.വി. | 14-11-2017മുതൽ 31-03-2018വരെ |
| 6 | വി.ഇ.ഒ. (നർക്കിലക്കാട് സർക്കിൾ) | ശ്രിജിൽ ജോസഫ് | 01-04-2017മുതൽ 13-11-2017വരെ |
| | | അബ്ദുൾ നാസർ.എം. | 14-11-2017മുതൽ 31-03-2018വരെ |
| 6 | പ്രധാനാധ്യാപകൻ | സെബസ്റ്റ്യൻ.വി. | 01-04-2017മുതൽ 31-03-2018വരെ |
| 7 | വെറ്ററിനറി സർജ്ജൻ | ജിബിൻ ചെറിയാൻ | 01-04-2017മുതൽ 31-03-2018വരെ |
| 8 | മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ഷിജിൻ ജോൺ ആളൂർ | 01-04-2017മുതൽ 31-03-2018വരെ |
| 9 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.പത്മേക്ഷണൻ | 01-04-2017മുതൽ 31-03-2018വരെ |
| | | ഭാഗ്യശ്രീ. | 01-04-2017മുതൽ 31-03-2018വരെ |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പ്രിഭിത.വി.പി. | 01-04-2017മുതൽ 27-04-2017വരെ |
| | | ഡോ.നമിത.എസ്. | 28-04-2017മുതൽ 30-09-2017വരെ |
| | | ഡോ.രജിതറാണി | 01-10-2017മുതൽ |

| | | | |
|---|---|---|---|
| | | | 31-10-2017വരെ |
| | | മുഷീറ മിനി.എം. | 01-11-2017മുതൽ 20-03-2018വരെ |
| | | അഞ്ജു.സി.രാജ് | 21-03-2018മുതൽ 31-03-2018വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ജോസ് ജയകുമാർ | 01-04-2017മുതൽ 31-03-2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | ഷോപ്പിങ് കോപ്ലക്സ് വാടക- കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കുവാൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 2-1 |

| | | |
|---|---|---|
| 14 | ഡി. & ഒ. ലൈസൻസ് ഫീ പരിശോധന -പൊതു അപാകതകൾ. | 2-2 |
| 15 | തൊഴിൽ നികുതി പരിശോധന –പൊതു അപാകതകൾ | 2-3 |
| 16 | രശീതി പരിശോധന –പൊതു അപാകതകൾ | 2-4 |
| 17 | പൊതു ശ്മശാനം- പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ ഉപയോഗ പ്രദമായ ഭാഗങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-5 |
| 18 | ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 19 | അട്ടക്കളക്കണ്ടം- അട്ടക്കളക്കുന്ന് റോഡ് റീ ടാറിംഗ് പ്രവൃത്തി-അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-1 |
| 20 | കുറുഞ്ചേരി കുവപ്പാറ ചെമ്പൻകുന്ന് റോഡ് ടാറിംഗ് പ്രവൃത്തി-അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-2 |
| 21 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണ പ്രവൃത്തി-പുതുക്കിയ എസ്റ്റിമേറ്റിൽ കൂട്ടുതപശുവളർത്തൽ പദ്ധതി -(ടി.എസ്.പി)ലായി ഉൾപ്പെടുത്തിയ ഇനംപശുവളർത്തൽ പദ്ധതി -(ടി.എസ്.പി) പ്രവൃത്തികൾക്ക് കൂടിയ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു-തുക അധികം നൽകി | 3-3 |
| 22 | നാട്ടക്കൽ പകൽ പരിപാലന കേന്ദ്രം കെട്ടിട നിർമ്മാണ പ്രവത്തി-കരാറുകാരൻ 'ക്വോട്ട്' ചെയ്ത ചില ഇനം പ്രവൃത്തികളുടെ നിരക്കും അംഗീകരിച്ച നിരക്കുംതമ്മിൽ വലിയ അന്തരം. | 3-4 |
| 23 | വെള്ളക്കരം-സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം ക്രമീകരിക്കുന്നത് സംബന്ധിച്ച് | 3-5 |
| 18 | സ്വയം തൊഴിൽ- മാർഗരേഖ വ്യവസ്ഥ പാലിക്കാതെ സബ്സിഡി അധികം തുക നൽകിയത് വഴി 50,000 രൂപ നഷ്ടം | 3-6 |
| 24 | ജി.എസ്.ടി. ഇനത്തിൽ അധിക തുക നൽകിയത് വഴി പഞ്ചായത്ത് ഫണ്ടിന് 22,477 രൂപ നഷ്ടം. | 3-7 |
| 25 | ക്ഷീരകർഷകർക്ക് സബ്സിഡി-രേഖകളുടെസൂക്ഷിപ്പിൽഅപാകതകൾ | 3-8 |

| | | |
|---|---|---|
| | | |
| 26 | മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ -ഗുണഭോക്തൃവിഹിതം നേരിട്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച്. | 3-9 |
| 27 | പശുവളർത്തൽ പദ്ധതി -(ടി.എസ്.പി.) | 3-10 |
| 28 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-11 |
| 29 | വികലാംഗസൗഹൃദ ഭവനം- പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-12 |
| 30 | അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച് | 3-13 |
| | ഭാഗം 4 | |
| 31 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ ബാക്കിയുള്ള റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക | വാർഷിക കണക്കുപ്രകാരം തുക |
|---|---|---|
| മുന്നിരിപ്പ് | ₹22,18,451 | ₹1,46,73,149 |
| വരവ് | ₹21,35,64,710 | ₹7,50,39,263 |
| ആകെ | ₹21,57,83,161 | ₹8,97,12,412 |
| ചെലവ് | ₹21,46,41,604 | ₹8,41,44,701 |
| നീക്കിയിരിപ്പ് | ₹11,41,557 | ₹55,67,711 |

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 03-03-2018 ലെ 3/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | ₹80,54,521 |
| വരവ് | ₹18,30,14,964 |
| ആകെ | ₹19,10,69,485 |
| ചെലവ് | ₹18,65,17,930 |
| നീക്കിയിരിപ്പ് | ₹45,51,555 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | തിരിച്ചയച്ച തീയതി | തീയതി |
| 31.07.2018 | 02.06.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 9.07.2018 & 11.07.2018 | കെ.എസ്.എ-കെ.എസ്.ഡി.3/867/2018. തി. 9-08-2018. (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1). 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2). തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ (വെസ്റ്റ് എളേരി സർവ്വീസ് സഹകരണബാങ്ക്) 31-3-2018 ലെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ കാലാവധി കഴിഞ്ഞ ചെക്ക്നം.002931/26-12-2017 ₹ 540/- ഉൾപ്പെട്ടുകാണുന്നു. ഇത് പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക

3). ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ (Deposits Received) ഉൾപ്പെടുത്തിയ 6,02,523/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലയിം ചെയ്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

4). സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ

ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

5). വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ് മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6). ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കുന്ന തുകകൾ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ജേണൽ എൻട്രി നടത്തി പ്രസ്തുത തുക B-18 ഷെഡ്യൂളിൽ നിന്നും കുറവാക്കേണ്ടതുമാണ്. 2017-18 വർഷം പ്രൊജക്ട്.നം. 237/18 പ്രകാരം 5,99,980 രൂപ KSEBയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.ഇക്കാര്യം ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | ₹1,46,73,149 |
| വരവ് | ₹7,50,39,263 |
| ആകെ | ₹8,97,12,412 |
| ചെലവ് | ₹8,41,44,701 |
| നീക്കിയിരിപ്പ് | ₹55,67,711 |

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2017-18)

| ഫണ്ടിനം | മുൻ ബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരിപ്പ് (₹) | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,04,63,998 | 2,04,63,998 | 1,76,88,088 | 27,75,910 | 86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 99,26,061 | 99,26,061 | 90,39,417 | 8,86,644 | 91 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 27,955 | 27,955 | 27,955 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 76,89,000 | 76,89,000 | 76,85,446 | 3,554 | 99.9 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 43,79,000 | 43,79,000 | 41,73,095 | 2,05,905 | 95 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 98,84,524 | 98,84,524 | 96,07,952 | 2,76,572 | 97 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 44,13,607 | 44,13,607 | 41,06,275 | 3,07,332 | 93 |
| ബി ഫണ്ട് | 0 | | | | | |
| തൊഴിൽ രഹിത വേതനം | 0 | 22,920 | 22,920 | 22,920 | 0 | 0 |
| വിവാഹ ധനസഹായം | 0 | 1,50,000 | 1,50,000 | 1,50,000 | | |
| തൊഴിലുറപ്പ് പദ്ധതി നൂറ് ദിനം അലവൻസ് | 0 | 51,000 | 51,000 | 51,000 | | |
| വിമുക്തി | | 12,500 | 12,500 | 12,500 | | |
| TSB സംയുക്ത പദ്ധതി (2017-18മാത്രം) | 0 | 44,04,200 | 44,04,200 | 13,47,420 | 30,56,780 | |
| ട്രഷറി TSB (തനത് ഫണ്ട്& ജനറൽ പർപ്പസ് ഫണ്ട്) | 67,60,073 | 1,14,20,995 | 1,81,81,068 | 1,75,16,649 | 6,64,419 | |

| | | | | | | |
|---|---|---|---|---|---|---|
| കാനറ ബാങ്ക് തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് | 4,450 | 6,25,519 | 6,29,969 | 6,22,728 | 7,241 | |
| കാനറ ബാങ്ക് സാക്ഷരത | 32,392 | 1,006 | 33,398 | 18,154 | 15,244 | |
| പശ്ചിമ ഘട്ട വികസനം സഹകരണ ബാങ്ക് | 2,879 | 115 | 2,994 | 0 | 2,994 | |
| കാനറ ബാങ്ക് ടി.എസ്.സി | 16,132 | 619 | 16,751 | 0 | 16,751 | |
| തനത് ഫണ്ട് | | | | | | |
| തനത് ഫണ്ട് സഹകരണ ബാങ്ക് | 73,76,345 | 56,05,051 | 1,29,81,396 | 85,27,771 | 44,53,625 | |
| തനത് ഫണ്ട് എസ്.ബി.ഐ (ഇ-പേയ്മെന്റ്) | 0 | 3,97,298 | 3,97,298 | 3,26,034 | 71,264 | |
| മറ്റുള്ളവ | | | | | | |
| പെൻഷൻ കാനറബാങ്ക് | 4,210 | 162 | 4,372 | 0 | 4,372 | |
| ദുരതാശ്വാസ നിധി സഹകരണ ബാങ്ക് | 14,476 | 579 | 15,055 | 0 | 15,055 | |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

**സംയുക്ത പദ്ധതികൾക്കായും, മറ്റു ധനസഹായങ്ങളായും മുൻവർഷങ്ങളിൽ ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ (ബാലൻസ് ഷീറ്റിലെ ബി.4 ഷെഡ്യൂൾ

പ്രകാരമുള്ളവ) ട്രഷറി ടി.എസ്.ബി.തനത് ഫണ്ട് അക്കൗണ്ടിലും, തനത് ഫണ്ട് സഹകരണ ബാങ്ക് അക്കൗണ്ടിലുമായി സ്ഥിതി ചെയ്യുന്നു.

***തൻവർഷം ട്രഷറി ടി.എസ്.ബി അക്കൗണ്ടുകളിൽ നിന്നും സർക്കാർ പൻവലിച്ച 87,47,096 രൂപ 2018 ഏപ്രിലിൽ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തിരികെ വന്നിട്ടുണ്ട്)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 212 | 158 | 5 | 49 | 74.52% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതിരേഖ പ്രകാരം 2017-18 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ (₹) | എണ്ണം | ചെലവ് തുക(₹) | |
| 1 | സെക്രട്ടറി | 21 | 75,52,850 | 14 | 34,28,639 | 45.39% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 40,20,000 | 7 | 30,88,691 | 76.83% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 129 | 5,10,65,483 | 95 | 3,34,46,692 | 65.49% |
| 4 | കൃഷി ഓഫീസർ | 7 | 79,14,164 | 7 | 31,07,653 | 39.26% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 67,47,500 | 6 | 44,14,944 | 65.43% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 40,98,398 | 7 | 39,22,654 | 98.71% |
| 7 | വെറ്റനറി സർജ്ജൻ | 3 | 41,00,000 | 3 | 17,65,000 | 43.04% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 7,00,000 | 1 | 7,00,000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 13 | 20,83,400 | 12 | 18,53,939 | 88.98% |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100% |
| 11 | പ്രധാനാധ്യാപകൻ | 12 | 61,52,265 | 9 | 48,66,804 | 79.10% |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 14,28,806 | 1 | 14,28,806 | 100% |
| | ആകെ | 212 | 9,60,62,866 | 163 | 6,22,23,822 | 64.77% |

ഓഡിറ്റ് വർഷം വാർഷിക പദ്ധതി നടത്തിപ്പിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പദ്ധതി വിഹിതമിനത്തിൽ അനുവദിച്ച 5.67കോടി രൂപയിൽ 5.23 കോടി രൂപ (92.15%) വിനിയോഗിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. കൃഷി ഓഫീസർ, വെറ്റിനറി സർജ്ജൻ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി വിഹിതം തുകകൾ 95% മേൽ വിനിയോഗിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതം ചെലവ് വിവരം ഉൾപ്പെടുത്താത്തതിനാലാണ് മേൽ പട്ടികയിൽ പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനത്തിൽ കുറവുള്ളതായി രേഖപ്പെടുത്താൻ കാരണം. നിർവ്വഹണ ഉദ്യോഗസ്ഥരിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതിചെലവിൽ (45.39%) മാത്രമാണ് കാര്യമായ കുറവ് ഉണ്ടായിട്ടുള്ളത്.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 24.44% കുറവാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം(₹) | തൻവർഷം(₹) | വ്യത്യാസം(₹) | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 45,48,957 | 35,14,739 | (-) 10,34,218 | (-) 22.73 |
| നികുതിയേതര വരവുകൾ | 13,66,387 | 8,03,651 | (-) 5,62,736 | (-) 41.18 |
| മറ്റുള്ളവ | 1,98,255 | 3,00,840 | (+) 1,02,585 | (+) 51.74 |
| ആകെ | 61,13,599 | 46,19,230 | (-) 14,94,369 | (-) 24.44 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | ₹4,450 | ₹6,25,519 | ₹6,29,969 | ₹6,22,728 | ₹7,241 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | ₹3,03,48,913 | ₹3,03,48,913 | ₹3,03,48,913 | 0 |
| ആകെ | ₹4,450 | ₹3,09,74,432 | ₹3,09,78,882 | ₹3,09,71,641 | ₹7,241 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 1891 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ (അടങ്കൽ 17.75 കോടി) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 362 പദ്ധതികൾ മാത്രമാണ് പൂർത്തിയാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 115773 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 246 കുടുബങ്ങൾക്ക് നൂറുദിനം തൊഴിൽ ലഭിച്ചിട്ടുണ്ട്.

## 1-9 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22,920 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 74,85,500 | 697 |
| വിധവാപെൻഷൻ | 1,05,63,500 | 924 |
| വാർദ്ധക്യകാലപെൻഷൻ | 2,36,60,300 | 2059 |
| വികലാംഗപെൻഷൻ | 37,76,300 | 333 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2,68,100 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-02-2019 തീയതിയിൽ 12.30 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 10,622/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 3 |
| 7 | ഡ്രൈവർ ഗ്രേഡ്.II | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 10 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

2017-2018 സാമ്പത്തിക വർഷം നാല് സെക്രട്ടറിമാർ പല കാലയളവുകളിലായി ചുമതല വഹിച്ചിരുന്നു. കൂടാതെ വിവിധ കാലയളവുകളിൽ അസി.സെക്രട്ടറി സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നു. സെക്രട്ടറിയുടെ തസ്തികയിൽ ഉദ്യോഗസ്ഥർ നിരന്തരമായി മാറിവരുന്നത് ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. അതുപോലെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് സീനിയർ ക്ലാർക്കിന്റെ ഒരു തസ്തിക കൂടി അനിവാര്യമാണ്

25-4-2017 ലെ ഉത്തരവ് നം 4/17പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം ഏഴ് തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി

ചെയ്തുവരുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിക്കായി ഒരു അക്കൗണ്ട് നിലവിലുണ്ടെങ്കിലും നിലവിൽ ഇടപാടുകൾ ഒന്നും തന്നെ നടക്കുന്നില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻ വർഷം 100% നികുതി പിരിവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. നികുതി പരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2017-18സാമ്പത്തിക വർഷം പഞ്ചായത്ത് ഭരണസമിതി 39 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 15പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ട്.. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-1-2019 | 12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18/04/2002 മുതൽ 04/05/2002 വരെ | 1997-98 മുതൽ 1999-2000 വരെ | 275/161-01-07-2002 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിങ് കോപ്ലക്സ് വാടക- കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കുവാൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ ഭീമനടി ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ നിലവിലെ വാടക മാർക്കറ്റ് നിരക്കിനെക്കാൾ വളരെ കുറവായതിനാലും, നിലവിൽ വാടക്കാർ മുറികൾ മറ്റുള്ളവർക്ക് വാടകയ്ക്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടതിനാലും, നിലവിലെ വാടകക്കരാർ പൂർത്തിയാകുന്നമുറയ്ക്ക് കടമുറികൾ പുനർലേലം ചെയ്യുവാൻ ജില്ലാ ധനകാര്യ പരിശോധന വിഭാഗം ശുപാർശ ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി 23/12/2015 ലെ ത സ്വ ഭ വ .എ.ബി-2/ 714/2015 കത്ത് പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി. പുനർലേല നടപടികളുടെ ഭാഗമായി കടമുറികളുടെ വാടക നിരക്ക് നിർണ്ണയിച്ച് നൽകുവാൻ ഗ്രാമ പഞ്ചായത്ത് അധികൃതർ 06/01/2016 ന് പൊതുമരാമത്ത് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ വാടക നിരക്ക് നിർണ്ണയിച്ച് നൽകിയിട്ടില്ല. 31.03.2016 ന് എഗ്രിമെന്റ് അവസാനിക്കുന്നതിനാൽ കടമുറികൾ ഒഴിവാക്കിത്തരണമെന്ന് കാണിച്ച് വാടകക്കാർക്ക് പഞ്ചായത്തധികൃതർ കത്ത് നൽകുകയുണ്ടായി. തുടർന്ന് വാടകക്കാരായ ശ്രീ.രാജു മത്തായി മുതൽപേർ WP(C) 12289/2016(1) നമ്പറായി ഹൈക്കോടതിയിൽ പെറ്റിഷൻ ഫയൽ ചെയ്യുകയുണ്ടായി. ഇതേതുടർന്ന് അഡ്വക്കറ്റ് വിപിൻ ദാസിനെ പഞ്ചായത്ത് വക്കാലത്ത് ഏൽപ്പിക്കുകയും 03.09.2016 ന് ഹൈക്കോടതിയിൽ വക്കീൽ മുഖാന്തിരം Counter file ചെയ്യുകയും ചെയ്തു. തുടർന്നുള്ള കോടതി നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 16.10.2018 ലെ സി-5-15692/2018 നം. ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള വാടകകെട്ടിട നിയമാവലി അംഗീകരിച്ചിട്ടുണ്ട്. കോടതി നടപടികൾ നിലവിലുള്ളതിനാൽ 2016-17 വർഷം മുതൽ മുറികളുടെ വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. വാടകക്കാരിൽ നിന്നും ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കിയ വിവരവും ലഭ്യമല്ല. ആയതിനാൽ സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് റെന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വാടക നിരക്ക് പുതുക്കേണ്ടതും കോടതി നടപടികൾ ത്വരിതപ്പെടുത്തി വാടക കെട്ടിട പുനർലേല നടപടികൾ എത്രയും വേഗം പൂർത്തിയാക്കി പഞ്ചായത്ത് ഫണ്ടിന് വരവ് ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണെന്നും ഓഡിറ്റിൽ ശുപാർശചെയ്യുന്നു.

## 2-2 ഡി & ഒ ലൈസൻസ് ഫീ പരിശോധന - പൊതു അപാകതകൾ.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിന വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 83 | 02 | 151 | --- | 236 |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്.

2017-18 ൽ ലൈസൻസ് പുതുക്കുന്നതിന വേണ്ടി ലഭിച്ച അപേക്ഷകളിൽ 63% ആൾക്കാർ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. 1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് നിലവിൽ പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിന കാരണമാകുകയും ചെയ്യുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26).

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ

ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232,233,234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017 ലെ കേരള ഇൻവസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ,മിനി,സ്മാൾ,മീഡിയം,ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ് . ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2018-19 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

## 2-3 തൊഴിൽ നികുതി പരിശോധന - പൊതു അപാകതകൾ

1. താമസിച്ച് നികുതി അടവാക്കുന്ന കച്ചവടക്കാരിൽ നിന്നും പിഴ പലിശ ഈടാക്കിയതായി കാണുന്നില്ല. ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ആഗസ്റ്റ് മാസത്തിനു മുൻപായും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഫെബ്രുവരി മാസത്തിനു മുൻപായും ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന കച്ചവടക്കാരിൽ നിന്നും ജീവനക്കാരിൽ നിന്നും പ്രതിമാസം ഒരു ശതമാനം വീതം പിഴപ്പലിശ ഈടാക്കേണ്ടതാണ്.

2. സ്ഥാപന രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | നികുതി കാലയളവ് |
|---|---|

| | |
|---|---|
| ടോപ്പ് സീ ഫുഡ്സ്, വരക്കാട് | ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| പയ്യന്നൂർ ഖാദി സെന്റർ, ഭീമനടി | ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

പയ്യന്നൂർ ഖാദി സെന്റർ, ഭീമനടിയിലെ ജീവനക്കാരി 2016-17 വർഷത്തിൽ വിരമിച്ചതിനാൽ തൊഴിൽ നികുതി അടവാക്കാൻ സാധിക്കില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വിരമിച്ച ജീവനക്കാരിക്ക് പകരം പ്രസ്തുത സ്ഥാപനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരിയുടെ നികുതിയും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

3. ആകെ അർദ്ധ വർഷ വരുമാനം കണക്കാക്കുമ്പോൾ HRA (House Rent Allowance) ഉൾപ്പെടുത്തേണ്ടതില്ല എന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204 ൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളോട് തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് പഞ്ചായത്ത് അയക്കുന്ന ഡിമാന്റ് നോട്ടീസിൽ HRA ഉൾപ്പെടെയുള്ള തുക കൂടി ഉൾപ്പെടുത്തി അർദ്ധവർഷ വരുമാനം കണക്കാക്കാനാണ് ആവശ്യപ്പെടുന്നത്. സ്ഥാപന മേധാവികൾ വരുമാന വിവരം കണക്കാക്കി ഹാജരാക്കുന്ന പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജാതാവധി സറണ്ടർ തുക,ബോണസ്,ഫെസ്റ്റിവൽ അലവൻസ്,ക്ഷാമബത്ത കുടിശ്ശിക,ശമ്പള പരിഷ്കരണ/മറ്റു കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നുമില്ല. ഇക്കാരണത്താൽ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്.

(ഓഡിറ്റ് എൻക്വയറി നം. 03/07.02.2019)

## 2-4 രശീതി പരിശോധന - പൊതു അപാകതകൾ

1. നികുതി പിരിവിനായി ഉപയോഗിച്ച 32364 നം.രശീതി ബുക്കിൽ താൾ നം.76 ന്റെ അസ്സലും പകർപ്പും ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത രശീതി ബുക്ക് നികുതി പിരിവിനായി നൽകുന്ന വേളയിൽ 76 നം. താൾ ഇല്ല എന്ന് രേഖപ്പെടുത്തി സെക്രട്ടറി "Certificate of Count" രേഖപ്പെടുത്തിയിട്ടുമില്ല.

2.താഴെക്കൊടുത്തിരിക്കുന്ന രശീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

a. രശീതി ബുക്ക് നം. 32359/15 തീ.28.09.17

b. രശീതി ബുക്ക് നം. 32359/16 തീ.28.09.17

c. രശീതി ബുക്ക് നം. 32359/17 തീ.24.10.17

3. 20.09.2017 ലെ രശീതി നം.11701050000 പ്രകാരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ തൊഴിൽ നികുതിയിനത്തിൽ 5000/- രൂപ അടവാക്കിയിട്ടുണ്ട്(ചെക്ക് നം.1921674/13.09.2017). പ്രസ്തുത തുക ഏത് അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

4. 32362 നം.രശീതി ബുക്കിലെ 16 നം. താൾ പ്രകാരം 06.11.2017 ന് കെട്ടിട നികുതിയിനത്തിൽ പിരിച്ചെടുത്ത 100 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ

വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 04/07.02.2019)

## 2-5 പൊതു ശ്മശാനം- പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ ഉപയോഗ പ്രദമായ ഭാഗങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

2017-18 വർഷത്തിലെ ഭീമനടി പൊതു ശ്മശാനം നവീകരണം പദ്ധതി (പ്രോജക്റ്റ് നം.72/2018) തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിലവിലുള്ള ശ്മശാനം പൊളിച്ചു നീക്കേണ്ടതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ശ്മശാന കെട്ടിടം പൊളിച്ച് നീക്കേണ്ടതിനായി വാല്യുവേഷൻ തയ്യാറാക്കുന്നതിനും പഴയ സാധന സാമഗ്രികൾ ലേലം/ക്വട്ടേഷൻ നടത്തി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും 09.03.2018 ലെ 2(1) നം. തീരുമാന പ്രകാരം അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ലേല നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 11/12.02.2019). മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട 45,221/- രൂപ (22പ്രവൃത്തികൾ) തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ്) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. 2014-15 വർഷം മുതൽ ഈയിനത്തിൽ ലഭ്യമാവേണ്ട തുകകൾ നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രസ്തുത തുകകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അട്ടക്കളക്കണ്ടം- അട്ടക്കളക്കുന്ന് റോഡ് റീ ടാറിംഗ് പ്രവൃത്തി- അധികം നൽകിയ തുക നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | |
|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ 11/18 (അടുക്കളക്കണ്ടം- അടുക്കളക്കുന്ന് റോഡ് റീ ടാറിംഗ്) | |
| എസ്റ്റിമേറ്റ് | ₹8,00,000/- (സംരക്ഷണ ഗ്രാന്റ്-റോഡ്) | |
| സാങ്കേതികാനുമതി | ₹8,00,000/- Ts No. 40146/2016-2017 Dated 03.12.2016, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | |
| എം. ബുക്ക് നം. | 60/16-17 | |
| കരാറുകരാൻ | റോയ് ജോസ്. | |
| കരാറുകാരന് നൽകിയ തുക | ₹ 6,31,051/- | ട്രഷറി ബിൽ നം 7/17-18തീ. 30.06.2017 (ബിൽ തുക ₹ 6,71,333/-) . |

അടുക്കളക്കണ്ടം- അടുക്കളക്കുന്ന് റോഡ് റീ ടാറിംഗ് പ്രവൃത്തിക്കായി DSR 2014 (കോസ്റ്റ് ഇൻഡക്സ് 36.19%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 8ഇനം പ്രവൃത്തികളാണുള്ളത്. ഇ ടെൻഡർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയുടെ ടെൻഡറിൽ 2 കരാറുകാർ പങ്കെടുത്തിരുന്നു. കരാറുകാർ ഓരോ ഇനം പ്രവൃത്തിക്കും 'ക്വോട്ട്' ചെയ്ത നിരക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | കരാറുകാരുകാര് 'ക്വോട്ട്' ചെയ്ത നിരക്കിന്റെ വിവരം | | | |
|---|---|---|---|---|---|---|
| | | | പ്രിൻസ്.കെ.വി. | | റോയ് ജോസ്. | |
| | | | നിരക്ക് ₹ | തുക(₹) | നിരക്ക്.₹ | തുക(₹) |
| 1 | Prime coat- Low porosity (Code 5.1.1a) | 165m2 | 18.49 | 3,050.85 | 27 | 4,455 |
| 2 | Granular sub base (Code 4.11.2) | 17.6m3 | 1,248.29 | 21,969.90 | 1,300 | 22,880 |
| 3 | Wet mix mecadam (Code 4.9) | 26.4m3 | 1,423.98 | 37,593.07 | 2,200 | 58,080 |
| 4 | Tack coat (Code 5.2.1a) | 2235m2 | 25.89 | 57,864.15 | 8 | 17,880 |
| 5 | Tack coat (Code 5.2.3a) | 165m2 | 25.88 | 4,270.2 | 9 | 1,485 |

| | | | | | | |
|---|---|---|---|---|---|---|
| 6 | Modefied penetration mecadam 75 mm thick (Code 5.5.B.2a) | 473.76m2 | 376.34 | 1,78,294.83 | 300 | 1,42,128 |
| 7 | 20mm thick open graded premix carpet (Code 5.9.1.2a) | 2400m2 | 136.85 | 3,28,440 | 132 | 3,16,800 |
| 8 | Seal coat (Code 5.12.A.3.2a) | 2400m2 | 40.45 | 97,080 | 40 | 96000 |
| 9 | Construction of sub grade and earthen shoulders (Code 3.14) | 5m3 | 289.42 | 1,447.1 | 300 | 1,500 |
| 10 | Execution in cutting in soil by manual means (Code 3.5.1) | 67.5m3 | 143.32 | 9,674.1 | 150 | 10,125 |
| | | Total | | 7,39,684.21 | | 6,71,333.00 |

കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. റോയ് ജോസിന്റെ ടെണ്ടർ ഭരണസമിതി (തീരുമാനം നമ്പർ1/1,തീയതി 27.01.2017) അംഗീകരിക്കുകയും വർക്ക് ഓർഡർ നം 51-AE/LSGD /WEGP/2016-17 തീയതി 27.01.2017 പ്രകാരം അദ്ദേഹത്തെ പ്രവൃത്തി ഏൽപ്പിക്കുകയുമുണ്ടായി. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 49) പ്രകാരം 7,23,226/-അളവ് മൂല്യം കണക്കാക്കി ആയത് കരാറുകാരൻ ക്വോട്ട്' ചെയ്ത 6,71,333/- രൂപയ്ക്ക് പരിമിതപ്പെടുത്തി നികുതികൾ കുറച്ച് 6,31,051/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം ചുവടെ പറയും പ്രകാരമാണ് കരാറുകാരന് തുക അനുവദിച്ചത്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് ₹ | തുക (₹) |
|---|---|---|---|---|
| 1 | Prime coat- Low porosity (Code 5.1.1a) | 165m2 | 18.49 | 3050.85 |
| 2 | Granular sub base (Code 4.11.2) | 17.6m3 | 1248.29 | 21969.90 |

| | | | | |
|---|---|---|---|---|
| 3 | Wet mix mecadam (Code 4.9) | 26.4m3 | 1423.98 | 37593.07 |
| 4 | Tack coat (Code 5.2.1a) | 2154m2 | 25.89 | 55767.06 |
| 5 | Tack coat (Code 5.2.3a) | 165m2 | 25.88 | 4270.2 |
| 6 | Modefied penetration mecadam 75 mm thick (Code 5.5.B.2a) | 473.76m2 | 376.34 | 178294.83 |
| 7 | 20mm thick open graded premix carpet<br>(Code 5.9.1.2a) | 2319m2 | 136.85 | 317355.15 |
| 8 | Seal coat (Code 5.12.A.3.2a) | 2319m2 | 40.45 | 93803.55 |
| 9 | Construction of sub grade and earthen shoulders (Code 3.14) | 5m3 | 289.42 | 1447.1 |
| 10 | Execution in cutting in soil by manual means (Code 3.5.1) | 67.5m3 | 143.32 | 9674.1 |
| | | Total | | 7,23,226/- limited to PAC ₹6,71,333/- |

പ്രവ്യത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. റോയ് ജോസ് സമർപ്പിച്ച നിരക്ക് അനുവദിക്കുന്നതിനുപകരം കൂടിയ തുക 'ക്വോട്ട്' ചെയ്ത കരാറുകാരൻ സമർപ്പിച്ച നിരക്കാണ് കണക്കാക്കിയത്.

ഈ പ്രവൃത്തി ചെയ്തതിന് കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. റോയ് ജോസിന് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയുന്നു.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക (₹) |
|---|---|---|---|---|
| 1 | Prime coat- Low porosity (Code 5.1.1a) | 165m2 | 27 | 4,455 |
| 2 | Granular sub base (Code 4.11.2) | 17.6m3 | 1300 | 22,880 |

| | | | | |
|---|---|---|---|---|
| 3 | Wet mix mecadam (Code 4.9) | 26.4m3 | 2200 | 58,080 |
| 4 | Tack coat (Code 5.2.1a) | 2154m2 | 8 | 17,232 |
| 5 | Tack coat (Code 5.2.3a) | 165m2 | 9 | 1,485 |
| 6 | Modefied penetration mecadam 75 mm thick (Code 5.5.B.2a) | 473.76m2 | 300 | 1,42,128 |
| 7 | 20mm thick open graded premix carpet (Code 5.9.1.2a) | 2319m2 | 132 | 3,06,108 |
| 8 | Seal coat (Code 5.12.A.3.2a) | 2319m2 | 40 | 92,760 |
| 9 | Construction of sub grade and earthen shoulders (Code 3.14) | 5m3 | 300 | 1,500 |
| 10 | Execution in cutting in soil by manual means (Code 3.5.1) | 67.5m3 | 150 | 10,125 |
| | | Total | | ₹6,56,753 |

പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 14,580/-രൂപ (₹6,71,333 - ₹6,56,753) അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ആയത് സൂക്ഷമപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹ 14,580/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.6 തീ: 08.02.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-2 കുറുഞ്ചേരി കുവപ്പാറ ചെമ്പൻകുന്ന് റോഡ് ടാറിംഗ് പ്രവൃത്തി- അധികം നൽകിയ തുക നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ 8/18 (കുറുഞ്ചേരി കുവപ്പാറ ചെമ്പൻകുന്ന് റോഡ് ടാറിംഗ്) | | |
| എസ്റ്റിമേറ്റ് | ₹6,00,000/- (ലോക ബാങ്ക് സഹായം) | | |
| സാങ്കേതികാനുമതി | ₹6,00,000/- Ts No.38234/2016-2017 Dated 10.12.2016, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | | |
| എം. ബുക്ക് നം. | 29/16-17 | | |
| കരാറുകരാൻ | എം.ജെ.കുര്യൻ. | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ട്രഷറിബിൽ നം/തീയതി | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 170/16-17 തീ: | ₹ 1,44,045 | ₹ 1,14,940 |

| | | | |
|---|---|---|---|
| | 28.03.2017 | | |
| | 13/17-18 തീ: 18.08.2017 | ₹ 3,41,023/- | ₹ 3,41,023/- |
| | | ₹ 4,85,068/- | ₹ 4,55,963/- |

കുറുഞ്ചേരി-കുവപ്പാറ-ചെമ്പൻകുന്ന് റോഡ് ടാറിംഗ് പ്രവൃത്തിക്കായി DSR 2014 (കോസ്റ്റ് ഇൻഡക്സ് 36.19%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 7ഇനം പ്രവൃത്തികളാണുള്ളത്. ഇ ടെൻഡർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയുടെ ടെൻഡറിൽ 4 കരാറുകാർ പങ്കെടുത്തിരുന്നു. കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. എം.ജെ.കുര്യന്റെ ടെണ്ടർ ഭരണസമിതി (തീരുമാനം നമ്പർ1/17,തീയതി 27.01.2017) അംഗീകരിക്കുകയും വർക്ക് ഓർഡർ നം 42-AE/LSGD/WEGP/2016-17 തീയതി 27.01.2017 പ്രകാരം അദ്ദേഹത്തെ പ്രവൃത്തി ഏൽപ്പിക്കുകയുമുണ്ടായി. കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. എം.ജെ.കുര്യൻ ഓരോ ഇനം പ്രവൃത്തിക്കും 'ക്വോട്ട്' ചെയ്ത നിരക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | 'ക്വോട്ട്' ചെയ്ത നിരക്ക് ₹ | തുക (₹) |
|---|---|---|---|---|
| 1 | Compacting original ground (Code 3.15.2) | 119.521m3 | 60.00 | 7171.26 |
| 2 | Granular sub base (Code 4.11.2) | 25.6m3 | 1300.00 | 33280.00 |
| 3 | Wet mix macadam (Code 4.9) | 119.521m3 | 2370.00 | 283264.77 |
| 4 | Prime coat- Low porosity (Code 5.1.1a) | 747.00m2 | 29.00 | 21663.00 |
| 5 | Tack coat (Code 5.2.3a) | 747m2 | 10.00 | 7470.00 |
| 6 | 20mm thick open graded premix carpet (Code 5.9.1.2a) | 747m2 | 135.00 | 100845.00 |
| 7 | Seal coat (Code 5.12.A.3.2a) | 747m2 | 42.00 | 31374.00 |
| | | Total | | 4,85,068.03 |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 18) പ്രകാരം ₹5,96,641/- അളവ് മൂല്യം കണക്കാക്കി ആയത് കരാറുകാരൻ ക്വോട്ട്' ചെയ്ത 4,85,068/- രൂപയ്ക്ക് പരിമിതപ്പെടുത്തി നികുതികൾ കുറച്ച് 4,55,963/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം ചുവടെ പറയും പ്രകാരമാണ് കരാറുകാരന് തുക അനുവദിച്ചത്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Compacting original ground (Code 3.15.2) | 118.08m3 | 63.58 | 7507.53 |
| 2 | Granular sub base (Code 4.11.2) | 25.6m3 | 1850.15 | 47363.84 |
| 3 | Wet mix mecadam (Code 4.9) | 119.22m3 | 2980.51 | 355336.40 |
| 4 | Prime coat- Low porosity (Code 5.1.1a) | 738.00m2 | 31.61 | 23328.18 |
| 5 | Tack coat (Code 5.2.3a) | 738.00m2 | 11.36 | 8383.68 |
| 6 | 20mm thick open graded premix carpet<br>(Code 5.9.1.2a) | 738.00m2 | 152.12 | 112264.56 |
| 7 | Seal coat (Code 5.12.A.3.2a) | 738.00m2 | 57.53 | 42457.14 |
| | | Total | | 5,96,641/- limited to PAC ₹4,85,068/- |

അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. എം.ജെ.കുര്യൻ സമർപ്പിച്ച നിരക്ക് അനുവദിക്കുന്നതിനുപകരം പ്രവൃത്തിയുടെ 'ഡീറ്റയിൽഡ്' എസ്റ്റിമേറ്റിലെ നിരക്കിൽ അളവ് മൂല്യം കണക്കാക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ കണക്കാക്കിയ ആകെ അളവ് മൂല്യത്തെ കരാറുകാരൻ 'ക്വോട്ട്' ചെയ്ത തുകയ്ക്ക് പരിമിതപ്പെടുത്തുകയാണുണ്ടായത്.

ഈ പ്രവൃത്തി ചെയ്തതിന് കുറഞ്ഞ തുക 'ക്വോട്ട്' ചെയ്ത കരാറുകാരനായ ശ്രീ. എം.ജെ.കുര്യൻ യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയുന്നു.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക്.₹ | തുക (₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Compacting original ground (Code 3.15.2) | 118.08m3 | 60.00 | 7,084.8 |
| 2 | Granular sub base (Code 4.11.2) | 25.6m3 | 1,300.00 | 33,280.00 |
| 3 | Wet mix mecadam (Code 4.9) | 119.22m3 | 2,370.00 | 2,82,551.4 |
| 4 | Prime coat- Low porosity (Code 5.1.1a) | 738.00m2 | 29.00 | 21,402.00 |
| 5 | Tack coat (Code 5.2.3a) | 738.00m2 | 10.00 | 7,380.00 |
| 6 | 20mm thick open graded premix carpet (Code 5.9.1.2a) | 738.00m2 | 135.00 | 99,630.00 |
| 7 | Seal coat (Code 5.12.A.3.2a) | 738.00m2 | 42.00 | 30,996.00 |
| | | Total | | 4,82,324/- |

പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 2,744/-രൂപ (₹ 4,85,068 - ₹4,82,324) അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ആയത് സൂക്ഷ്മപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹ 2,744/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.10 തീ: 11.02.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-3 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണ പ്രവൃത്തി-പുതുക്കിയ എസ്റ്റിമേറ്റിൽ കൂടുതലായി ഉൾപ്പെടുത്തിയ ഇനം പ്രവൃത്തികൾക്ക് കൂടിയ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു-അധികം നൽകിയ തുക നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ 214/18 (പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് അടിയന്തിര നവീകരണം) |
| എസ്റ്റിമേറ്റ് | ₹2,00,000/- (തനത് ഫണ്ട്) |
| സാങ്കേതികാനുമതി | ₹2,00,000/- Ts No. 86087/2017-2018 Dated 07.11.2017,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. |
| എം. ബുക്ക് നം. | 63/17-18 |

| | | |
|---|---|---|
| ആകെ അളവ് മൂല്യം | ₹1,71,141/- | |
| കരാറുകരാൻ | രാജീവ് കുമാർ.പി.ആർ. | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | |
| കരാറുകാരന് നൽകിയ തുക | ₹ 1,67,723/- | ട്രഷറി ചെക്ക് നം SB/XY no 1005243 തീ. 19.03.2018 (ബിൽ തുക ₹ 1,71,141/- ) |

പഞ്ചായത്ത് ഷോപ്പിംഗ് കോമ്പ്ലക്സ് അടിയന്തിര നവീകരണം പ്രവൃത്തിക്കായി DSR 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 11ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിലുള്ള 11ഇനം പ്രവൃത്തികൾക്കും അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 38.24% ആണ്. ഈ പ്രവൃത്തി കരാറുകാരനായ ശ്രീ. രാജീവ് കുമാർ.പി.ആർ, എസ്റ്റിമേറ്റ് നിരക്കിനാണ് ഏറ്റെടുത്തത്. ആയത് ഭരണസമിതി (തീരുമാനം നമ്പർ3/1/1,തീയതി 11.01.2018) അംഗീകരിക്കുകയും വർക്ക് ഓർഡർ നം 36-AE/LSGD/WEGP/2017-18 തീയതി 11.01.2018 പ്രകാരം അദ്ദേഹത്തെ പ്രവൃത്തി ഏൽപ്പിക്കുകയുമുണ്ടായി. കരാറുകാരൻ 15.01.2018ന് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യാമെന്ന് പഞ്ചായത്തുമായി കരാറുടമ്പടിയിൽ (നം37/17-18) ഏർപ്പെട്ടിട്ടുമുണ്ട്. എന്നാൽ പിന്നീട് പ്രവൃത്തിയുടെ എസ്റ്റിമേറ്റിലുണ്ടായിരുന്ന 11 ഇനം പ്രവൃത്തികളുടെ അളവിൽ ചില മാറ്റങ്ങൾ വരുത്തുകയും എക്സ്ട്രാ ഇനമായി പുതുതായി 9 ഇനം പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി അടങ്കലിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് പുതുക്കുകയുണ്ടായി. ആയത് ഭരണസമിതി (തീരുമാനം നമ്പർ1/1/1,തീയതി 31.01.2018) അംഗീകരിക്കുകയും 20.02.2018ന് പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുമുണ്ട്. ഇപ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ 9 ഇനം പ്രവൃത്തികൾക്കും അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 40.2% ആണ്. ഒറിജിനൽ എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് (38.24%) തന്നെയായിരിക്കണം റിവൈസ്ഡ് എസ്റ്റിമേറ്റിലും അനുവദിക്കേണ്ടത്. ആയതിനാൽ പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ 9 ഇനം പ്രവൃത്തികൾക്കും ബാധകമായ കോസ്റ്റ് ഇൻഡക്സ് 38.24% ആണ്. ഇതിനുപകരമായി കൂടിയ കോസ്റ്റ് ഇൻഡക്സായ 40.2% അനുവദിച്ചത് ക്രമപ്രകാരമല്ല. ഈ അപാകത കാരണം ചുവടെ വിവരിക്കും പ്രകാരം 2,723/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് (കോസ്റ്റ് ഇൻഡക്സ് 40.2%) | കരാറുകാരന് അനുദിച്ച തുക ₹ | കോസ്റ്റ് ഇൻഡക്സ് 38.24% അനുവദനീയമായ | കരാറുകാരന് യഥാർത്ഥത്തിൽ അനുദിക്കേണ്ട തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| E1 | Laterite Stone masonry 35x20x20cm for super structure (Code OD) | 1.97m3 | 5395.1 | 10628 | 5132.1 | 10110 | 518 |
| E2 | Painting with synthetic enamel paint (Code 13.84.1) | 34.22m2 | 65.59 | 2244 | 62.4 | 2135 | 109 |
| E3 | Providing and fixing ceramic glazed wall tiles (Code 11.36) | 7.64m2 | 1156.6 | 8836 | 1100.2 | 8406 | 430 |
| E4 | Providing and fixing paneled and glazed shutters for doors, windows(Code OD) | 1.74m2 | 2256.2 | 3926 | 2146.2 | 3734 | 192 |
| E5 | Providing and fixing wash basin(Code 17.7.3) | 1 | 2707.6 | 2708 | 2575.6 | 2576 | 132 |
| E6 | Providing and fixing water closet (Code 17.3.2) | 1 | 5906.2 | 5906 | 5618.2 | 5618 | 288 |
| E7 | Providing and fixing aluminium work for doors, windows<br>(Code 21.1.2) | 27.0082m2 | 539.07 | 14559 | 512.8 | 13850 | 709 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| E8 | Providing and fixing glazing in aluminium work for doors, windows<br>(Code 21.3.1) | 4.78m2 | 1039.6 | 4969 | 988.9 | 4727 | 242 |
| E9 | Providing and fixing 12mm thick prelaminated particle board<br>(Code 21.2.1) | 3.72m2 | 569.07 | 2117 | 541.3 | 2014 | 103 |
| | | | Total | 55,893 | | 53,170 | 2,723 |

പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 2,723/-രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ആയതിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹ 2,723/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.9 തീ: 11.02.2019 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-4 നാട്ടക്കൽ പകൽ പരിപാലന കേന്ദ്രം കെട്ടിട നിർമ്മാണ പ്രവത്തി-കരാറുകാരൻ 'ക്വോട്ട്' ചെയ്ത ചില ഇനം പ്രവൃത്തികളുടെ നിരക്കും അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുംതമ്മിൽ വലിയ അന്തരം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ 27/18 (നാട്ടക്കൽ പകൽ പരിപാലന കേന്ദ്രം കെട്ടിട നിർമ്മാണം) |
| എസ്റ്റിമേറ്റ് | 8,00,000/- (വികസന ഫണ്ട്- പൊതു വിഭാഗം) |
| സാങ്കേതികാനുമതി | 8,00,000/- Ts No. 64332/2016-2017 Dated 19.01.2017, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. |

| | | |
|---|---|---|
| | | |
| എം. ബുക്ക് നം. | 44/16-17, 5/17-18 | |
| കരാറുകരാൻ | പ്രിൻസ്.കെ.വി. | |
| കരാറുകാരന് നൽകിയ തുക | ₹ 7,00,642/- | ട്രഷറി ബിൽ നം 18/17-18തീ. 25.09.2017 (ബിൽ തുക ₹ 7,45,365/-). |

നാട്ടക്കൽ പകൽ പരിപാലന കേന്ദ്രം കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി DSR 2014 (കോസ്റ്റ് ഇൻഡക്സ് 36.19%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 24 ഇനം പ്രവൃത്തികളാണുള്ളത്. ഇ ടെൻഡർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിക്കായി നടന്ന ടെൻഡറിൽ ആരും പങ്കടുത്തിരുന്നതനാൽ 25.03.2017ന് നടന്ന റീ ടെൻഡറിൽ ഒറ്റ കരാറുകാരൻ മാത്രമാണ് പങ്കെടുത്തിരുന്നത്. കരാറുകാരൻ 'ക്വോട്ട്' ചെയ്ത ചില ഇനം പ്രവൃത്തികളുടെ നിരക്കും അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കും തമ്മിൽ വലിയ അന്തരം കാണുന്നു. നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കും കരാറുകാരൻ 'ക്വോട്ട്' ചെയ്ത നിരക്കിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | എസ്റ്റിമേറ്റ് പ്രകാരമുള്ള വിവരം | | കരാറുകാരൻ 'ക്വോട്ട്' ചെയ്ത നിരക്ക് പ്രകാരമുള്ള വിവരം | | കരാറുകാരൻ 'ക്വോട്ട്' ചെയ്ത തുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും തമ്മിലുള്ള അന്തരം |
|---|---|---|---|---|---|---|---|
| | | | നിരക്ക് ₹ | തുക ₹ | നിരക്ക് ₹ | തുക ₹ | |
| 1 | 'Clearing jungle including uprooting of rank vegetation, grass, brush wood, trees and sapling of grith up to 30cm measured at a height of 1m above ground level and removal of rubbish up to a distance of 50m out side the periphery of the area cleared' (Code 2.31) | 120.280 m2 | 8.74 | 1,051.25 | 691.52 | 83,175.97 | (+) 82,124.72 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 5 | CC1:4:8 (Code 4.1.8) | 2.913 m3 | 5,857.74 | 17,063.00 | 4,632.91 | 13,495.67 | (-) 3,567.33 |
| 8 | Wood work in frames of door, windows usig good quality Vengai wood (Code50.9.1.3) | 0.4381 m3 | 69,375.61 | 30,386.52 | 11,184.57 | 4,898.84 | (-) 25,487.68 |
| 9 | Providing and fixing of glazed shutters for door, windows usig Anjili/Jack wood (Code50.9.6.1) | 7.042 m2 | 3,289.60 | 23,165.36 | 12,937.62 | 91,106.72 | (+) 67,941.36 |
| 11 | Providing and fixing paneled or glazed shutters for door, windows usig Vengai wood (Code50.9.3.3) | 2.250 m2 | 1,921.20 | 4,322.70 | 11,415.12 | 25,684.03 | (+) 21,361.33 |
| 12 | Providing and fixing paneled or glazed shutters for door, windows usig pincoda wood (Code50.9.3.2) | 2.862 m2 | 2,725.65 | 7,800.81 | 11,415.12 | 32,670.09 | (+) 24,869.28 |
| 13 | RCC 1:1.5:3 for beams, suspended floor, roofs (Code 50.5.3) | 7.054 m3 | 9,918.04 | 69,961.85 | 7,619.96 | 53,751.20 | (-) 16,210.65 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | RCC 1:1.5:3 forarches, archribs etc (Code 50.5.5) | 2.558 m3 | 10,284.46 | 26,307.65 | 7,619.96 | 19,491.86 | (-) 6,815.79 |
| 22 | R R rmasonry with hard stone in CM 1:6:12 (Code 7.1.1) | 18.282 m3 | 5,336.06 | 97,553.85 | 4,220.31 | 77,155.74 | (-) 20,398.11 |

പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം മേൽ പറഞ്ഞയിനം പ്രവൃത്തികൾ ചെയ്തതിന് കരാറുകാരന് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് ₹ | തുക ₹ | അളവ് പുസ്തകം നം, പേജ് നം |
|---|---|---|---|---|---|
| 1 | 'Clearing jungle including uprooting of rank vegetation, grass, brush wood, trees and sapling of grith up to 30cm measured at a height of 1m above ground level and removal of rubbish up to a distance of 50m out side the periphery of the area cleared' (Code 2.31) | 120.280m2 | 691.52 | 83,176 | 44/16-17 പേജ് 40 |
| 5 | CC1:4:8 (Code 4.1.8) | 2.83m3 | 4,632.91 | 13,111 | 44/16-17 പേജ് 45 |
| 8 | Wood work in frames of door, windows usig good quality Vengai wood(Code50.9.1.3) | 0.37m3 | 11,184.57 | 4,138 | 44/16-17 പേജ് 48 |
| 9 | Providing and fixing of glazed shutters for door, windows usig Anjili/Jack | 7.04m2 | 12,937.62 | 91,081 | 44/16-17 പേജ് 49 |

| | | | | | |
|---|---|---|---|---|---|
| | wood(Code50.9.6.1) | | | | |
| 11 | Providing and fixing paneled or glazed shutters for door, windows usig Vengai wood(Code50.9.3.3) | 2.250m2 | 11,415.12 | 25,684 | 5/17-18 പേജ് 1 |
| 12 | Providing and fixing paneled or glazed shutters for door, windows usig pincoda wood(Code50.9.3.2) | 2.07m2 | 11,415.12 | 23,629 | 5/17-18 പേജ് 2 |
| 13 | RCC 1:1.5:3 for beams, suspended floor, roofs (Code 50.5.3) | 7.05m3 | 7,619.96 | 53,721 | 5/17-18 പേജ് 3 |
| 14 | RCC 1:1.5:3 forarches, archribs etc (Code 50.5.5) | 1.94m3 | 7,619.96 | 14,783 | 5/17-18 പേജ് 3 |
| 22 | R R rmasonry with hard stone in CM 1:6:12 (Code 7.1.1) | 11.29m3 | 4,220.31 | 47,647 | 5/17-18 പേജ് 8 |

ഓരോ ഇനം മരാമത്ത് പ്രവൃത്തികൾക്കും ആവശ്യമായ സാധനങ്ങളുടെയും ഉപകരണങ്ങളുടെയും തൊഴിലാളികളുടെയും വിവരങ്ങളും അനുവദനീയമായ നിരക്കുകളും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നുണ്ട്. ഈ പ്രവൃത്തിക്കായി ഡി.എസ്.ആർ (2014) പ്രകാരം നിശ്ചയിച്ച നിരക്കനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കും കരാറുകാരൻ 'ക്വോട്ട്' ചെയ്ത നിരക്കും തമ്മിൽ വലിയ അന്തരം ഉണ്ട്. പ്രവൃത്തിയുടെ ഒന്നാമത്തെ ഇനമായി ചെയ്ത 12.4mനീളത്തിലും 9.7 m വീതിയിലും (120.280m2) ഉള്ള സ്ഥലത്തെ കാട് വെട്ടിതെളിക്കുന്നതിന് DSR അനുസരിച്ച് നൽകാവുന്ന തുക 1,051/-രൂപയാണ്. എന്നാൽ ഈ പ്രവൃത്തിയുടെ കരാറുകാരൻ വളരെ വലിയ തുക ഈ ഇനത്തിനായി 'ക്വോട്ട്' ചെയ്തതുകാരണം 83,176/-രൂപയാണ് നൽകേണ്ടിവന്നത്. അതുപോലെതന്നെ RCC പ്രവൃത്തികൾക്ക് കരാറുകാരൻ ഡി.എസ്.ആർ പ്രകാരം നിശ്ചയിച്ച നിരക്കിനേക്കാളും വളരെ കുറഞ്ഞ തുകയാണ് 'ക്വോട്ട്' ചെയ്തതിരിക്കുന്നത്. ഇപ്രകാരം വളരെ കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ചെയ്യുന്നത് പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിക്കുന്നതാണ്. യുക്തിക്കുനിരക്കാത്ത നിരക്കുകൾ കറുകാർ 'ക്വോട്ട്' ചെയ്യുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഭാവിയിൽ കരാറുകാർ ഇത്തരത്തിൽ വളരെ വലിയ തുക 'ക്വോട്ട്' ചെയ്താൽ 'നെഗോസിയേഷൻ' നടത്തി നിരക്കുകൾ ക്രമീകരിക്കേണ്ടതാണ്.

നിലവിലുള്ള ഐറ്റം തിരിച്ചുള്ള ടെൻഡർ സമ്പ്രദായത്തിൽ കരാരുകാർ 'ക്വോട്ട്' ചെയ്യുന്ന നിരക്കും എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കും തമ്മിൽ വലിയ അന്തരം ഉണ്ടാകാതിരിക്കാനുള്ള ക്രമീകരണങ്ങൾ ഇതിനായുള്ള സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.

## 3-5 വെള്ളക്കരം-സംയുക്തപരിശോധന നടത്തി ടാപ്പകളുടെ എണ്ണം ക്രമീകരിക്കുന്നത് സംബന്ധിച്ച്

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് പരിധിയിലെ പൊതു ടാപ്പകളുടെ വെള്ളക്കരമിനത്തിൽ നിലവിൽ 94,500/- രൂപ വീതം കേരള ജല അതോറിറ്റിയിൽ ഒടുക്കിവരുന്നുണ്ട്. ജല അതോറിറ്റി അധികൃതർ നല്കിയ ബില്ല് പ്രകാരം 216 പൊതുടാപ്പകളാണ് നിലവിലുള്ളത്. ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 7-4-2017 ലെ തീരുമാനം നം.7 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമല്ലാത്ത 21പൊതുടാപ്പകൾ മാറ്റി പകരം മറ്റ് സ്ഥലങ്ങളിൽ ഇവ മാറ്റി സ്ഥാപിക്കുവാൻ തീരുമാനമെടുത്തിരുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടിയിൽ 2016 ജനുവരിമാസത്തിൽ സംയുക്തപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ജലഅതോറിറ്റിയുടെ അംഗീകാരത്തിനായി അയച്ചുവെങ്കിലും നാളിതുവരെ ആയത് അംഗീകരിച്ച് ലഭ്യമായിട്ടില്ലെന്ന് സൂചിപ്പിക്കുയുണ്ടായി. തുടർന്ന് സംയുക്ത പരിശോധന നടത്തണമെന്നാവശ്യപ്പെട്ട് 21-11-2018ന് വീണ്ടും ജല അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ ഇതുപ്രകാരം നാളിതുവരെ പരിശോധന നടന്നിട്ടില്ല. ഇക്കാര്യം പരിശോധിച്ച് 2016 ജനുവരിമാസത്തിൽ സംയുക്തപരിശോധന നടത്തി തയ്യാറാക്കി ജല അതോറിറ്റിക്ക് സമർപ്പിച്ചതായി പറയുന്ന റിപ്പോർട്ടിന് എന്തു സംഭവിച്ചുവെന്നത് സംബന്ധിച്ച് ഭരണസമിതിതലത്തിൽ അന്വേഷിക്കേണ്ടതും, ആവശ്യമെങ്കിൽ ആയതിന്റെ പകർപ്പ് ഒന്നുകൂടി ജല അതോറിറ്റിക്ക് നല്കി പ്രസ്തുത റിപ്പോർട്ടിൽ പ്രവർത്തനക്ഷമമല്ലയെന്ന് കണ്ടെത്തിയ പൊതുടാപ്പകളുടെ വെള്ളക്കരമിനത്തിൽ ഇളവ് നേടുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രവർത്തനക്ഷമമല്ലായെന്ന് കണ്ടെത്തിയ പൊതുടാപ്പകൾ നിർത്തലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ-സംയുക്ത പരിശോധന റിപ്പോർട്ട് ഉൾപ്പടെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7- തിയതി 11.02.2019).

## 3-6 സ്വയം തൊഴിൽ സംരംഭത്തിനുള്ള ധനസഹായം- മാർഗരേഖ വ്യവസ്ഥ പാലിക്കാതെ സബ്സിഡിനത്തിൽ അധികം തുക നൽകിയത് വഴി 50000 രൂപ നഷ്ടം

പ്രോജക്റ്റ് നം- 111/2018 വനിതാ സ്വയം തൊഴിൽ സംരംഭത്തിനുള്ള ധനസഹായം

വകയിരുത്തൽ - വികസന ഫണ്ട്(സാധാ)- ₹4,00,000/-

ബിൽ നം- 14/2017-18 തീ.29.02.2018 ₹2,00,000/-

16/2017-18 തീ.27.03.2018 ₹2,00,000/-

നിർവ്വഹണോദ്യഗസ്ഥ- ICDS സൂപ്പർവൈസർ

മേൽ പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഭക്ഷ്യ സംസ്കരണ രംഗത്ത് ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് അഞ്ച് അംഗങ്ങൾ അടങ്ങിയ രണ്ട് ഗ്രൂപ്പുകളിലായി പത്ത് വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്നതായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. എന്നാൽ പ്രോജക്റ്റിൽ വിഭാവനം ചെയ്തതിനു വിരുദ്ധമായി രണ്ട് ടൈലറിങ് യൂണിറ്റുകൾക്ക് സബ്സിഡിയിനത്തിൽ ധനസഹായം നൽകുകയാണ് ചെയ്തിട്ടുള്ളത്.

2. വായ്പാ ബന്ധിത പ്രോജക്റ്റായി നടപ്പിലാക്കി ഒരു ഗ്രൂപ്പിന് പരമാവധി രണ്ടു ലക്ഷം രൂപ സബ്സിഡിയായി നൽകേണ്ടതാണെന്ന് മേൽ പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അഞ്ച് പേർ ഉൾപ്പെടുന്ന സഞ്ജീവനി,ദർശന എന്നീ രണ്ടു ജെ എൽ ജി കൾക്ക് 2,00,000/- രൂപ വീതം സബ്സിഡിയിനത്തിൽ നൽകിയിട്ടുമുണ്ട്. 03.04.2017 ലെ സ ഉ (എം എസ്) നം.80/2017/ത സ്വ ഭ വ, 23.05.2017 ലെ സ ഉ (സാധാ) നം.1683/2017/ത സ്വ ഭ വ ഉത്തരവുകൾ പ്രകാരം സ്ത്രീകളുടെ ഇത്തരം സംരംഭങ്ങൾക്ക് 75% സബ്സിഡി (പരമാവധി ₹3,00,000/-) അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. മേൽ ഉത്തരവിലെ 8.7 ലെ കുറിപ്പ് 2 പ്രകാരം സ്വയം തൊഴിൽ സംരംഭത്തിന്റെ യൂണിറ്റ് കോസ്റ്റ് കണക്കാക്കുന്നതിൽ അസംസ്കൃത വസ്തുക്കളുടെ വില,വാങ്ങി വിൽക്കുന്ന സാധനങ്ങളുടെ വില,ആവർത്തന സ്വഭാവമുള്ള ചെലവുകൾ എന്നിവ ഉൾപ്പെടുത്താമെങ്കിലും സബ്സിഡിയുടെ ശതമാന പരിധിയും തുക പരിധിയും ആസ്തിയുടെ വിലയുടെ അടിസ്ഥാന വായ്പയായി കണ്ടെത്തേണ്ടതും,അത് സംബന്ധിച്ച കണക്കുകൾ പ്രോജക്റ്റിൽ പ്രത്യകം കാണിച്ചിരിക്കേണ്ടതാണെന്നും പറയുന്നുണ്ട്. എന്നാൽ പ്രോജക്റ്റിൽ ഇത്തരത്തിൽ വ്യവസ്ഥ വച്ചിട്ടുമില്ല.

സഞ്ജീവനി ജെ എൽ ജി ക്ക് 4,00,000 രൂപ ബാങ്ക് വായ്പയിനത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും ദർശന ജെ എൽ ജി ക്ക് ആകെ 1,80,000/- രൂപ മാത്രമേ വായ്പയിനത്തിൽ അനുവദിച്ചിരുന്നുള്ളൂ(കേരള ഗ്രാമീൺ ബാങ്ക്,അക്കൗണ്ട് നം.40406101018556). ഗ്രൂപ്പിലെ ഗുണഭോക്താക്കളുടെ വിഹിതം എന്ന നിലയിൽ ദർശന ജെ എൽ ജി അക്കൗണ്ടിൽ നിക്ഷേപിച്ച 20,000 രൂപയും ഗ്രാമീൺ ബാങ്കിൽ നിന്ന് വായ്പയായി ലഭിച്ച 1,80,000/- രൂപയും അടക്കം ആകെയുള്ള 2,00,000/- രൂപയ്ക്ക്മേൽ പരമാവധി 75% തുകയായ 1,50,000/- രൂപ മാത്രമേ സബ്സിഡിയിനത്തിൽ അനുവദിക്കാവൂ എന്നിരിക്കേ ദർശന ജെ എൽ ജി ക്ക് സബ്സിഡിയിനത്തിൽ അധികം അനുവദിച്ച 50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ സബ്സിഡി മാർഗരേഖ പ്രകാരം സ്വയം തൊഴിലിന് ആസ്തികൾ സൃഷ്ടിച്ചത് ബോധ്യപ്പെട്ടുപ്പെടുത്തുകയോ ആയത് സംബന്ധിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

3. പദ്ധതി മോണിറ്ററിങ് നടത്തിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 05/07.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 ജി എസ് ടി ഇനത്തിൽ അധിക തുക നൽകിയത് വഴി പഞ്ചായത്ത് ഫണ്ടിന് 22,477 രൂപ നഷ്ടം.

പ്രോജക്റ്റ് നം. - 107/2017-18 അംഗനവാടി അനുപൂരക പോഷകാഹാരം

വകയിരുത്തൽ - വികസന ഫണ്ട്(സാധാ) ₹12,50,000/-

കേന്ദ്ര വിഹിതം- ₹10,41,735/-

ചെക്ക് നം- 1005218/29.11.2017 ₹2,11,544/-

നിർവ്വഹണോദ്യഗസ്ഥ- ICDS സൂപ്പർവൈസർ

കുടുംബശ്രീ സ്ഥാപനമായ ദീപ്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്,ബാനം എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. 25.05.2018 ലെ GO(MS)No. 1450/2018 /തസ്വഭവ ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി എസ് ടി 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 01.11.2017 ന് ശേഷം താഴെ ചേർത്ത ബില്ല് പ്രകാരം അധിക നിരക്കിൽ (18%) ജി എസ് ടി അമൃതം ന്യൂട്രിമിക്സിന് നൽകിയത് മൂലം 22,477- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ല് നം/ ചെക്ക് നം& തീയ്യതി. തുക | ഇൻവോയ്സ് നം- | ന്യൂട്രി മിക്സിന്റെ വില | അനുവദിച്ച നികുതി (18%) | നികുതി അടക്കം ന്യൂട്രി മിക്സിന് നല്കിയ വില | അനുവദിക്കാവുന്ന നികുതി (5% ) | നികുതി അനുവദിച്ചതിൽ അധികം |
|---|---|---|---|---|---|---|
| 1005218/ 29.11.2017 2,11,544/- | 08/2017-18 തീ.06.11.17 2,04,022/- | 1,72,900 | 31,122 | 2,04,022 | 8645 | 31,122-8645 =22,477 രൂപ |
| | | | | ആകെ | | 22,477 രൂപ |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 05/07.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്ന് ഈടാക്കുകയോ തൊട്ടടുത്ത വാങ്ങലിൽ ക്രമപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ തുക നിർവ്വഹണോദ്യോഗസ്ഥയുടെ വ്യക്തിപരമായ ബാധ്യതയായിത്തീരുന്നതാണ്.

## 3-8 ക്ഷീരകർഷകർക്ക് സബ്സിഡി- രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ ഡയറിഫാം ഇൻസ്ട്രക്ടർ 2017-18 വർഷം വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ "ക്ഷീരകർഷകർക്ക് പാൽ അളന്നതിനുള്ള സബ്സിഡി വിതരണം" (പ്രൊ.നം.180/18) പദ്ധതി പ്രകാരം 14.28ലക്ഷം രൂപ ചുവടെ ചേർത്ത പ്രകാരം

ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നം / ചെക്ക്.നം.& തിയതി | തുക (₹) | ക്ഷീര സംഘത്തിന്റെപേരും, നല്കിയ തുകയും, |
|---|---|---|
| ബിൽ.നം.1/14-2-2018 | 5,00,000/- | ഓട്ടപ്പടവ് ₹1,27,451 |
| | | പുങ്ങഞ്ചാൽ ₹3,72,549 |
| ബിൽ.നം.2/24-3-2018 | 2,20,106/- | വെസ്റ്റ് എളേരി ₹32,702 |
| | | പറമ്പ ₹10,082 |
| | | നർക്കിലക്കാട് ₹58,287 |
| | | ഓട്ടപ്പടവ് ₹23,383 |
| | | പെരളം ₹2,881 |
| | | പുങ്ങഞ്ചാൽ ₹68,287 |
| | | പുത്തരിയം കല്ല് ₹24,484 |
| ചെക്ക്.നം.1932384/ 6-2-2018 | 4,82,000/- | പറമ്പ ₹6,701 |
| | | നർക്കിലക്കാട് ₹3,18,462 |
| | | പെരളം ₹15,564 |
| | | പുത്തരിയം കല്ല് ₹1,41,273 |
| ചെക്ക്.നം.1932383/ | 2,26,700/- | വെസ്റ്റ് എളേരി ₹ 1,78,470 |

| | | |
|---|---|---|
| 6-2-2018 | | പറമ്പ ₹48,230 |
| ആകെ | 14,28,806/- | |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

എ).നിർവ്വഹണ ഉദ്യോഗസ്ഥൻ ധന ഇടപാടുകൾ രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് (ഫോം.നം 7A) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
ബി). ക്ഷീര സംഘങ്ങൾക്ക് കൈമാറിയ തുക കൈപ്പറ്റിയതിന്റെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നല്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.
സി). ക്ഷീര സംഘങ്ങൾ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ പാൽ അളന്ന കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദാംശംങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സബ്സിഡി ആനുകൂല്യം എതൊക്കെ മാസങ്ങളിൽ അളന്ന പാലിന്റെ അളവ് കണക്കാക്കിയാണ് അനുവദിച്ചതെന്നത് സംബന്ധിച്ച രേഖകൾ (ഗുണഭോക്താക്കൾ പാൽ അളന്നതിന്റെ മാസം തിരിച്ചുള്ള കണക്ക് സഹിതം) ലഭ്യമാക്കേണ്ടതാണ്. (നർക്കിലക്കാട് ക്ഷീരസംഘം 2017 ഡിസംബർ വരെയുള്ള പാൽ അളവിന്റെ മാസം തിരിച്ചുള്ള കണക്ക് പ്രത്യേകം ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ ഇതിലുൾപ്പെടുന്ന ഏതൊക്കെ മാസങ്ങളിലെ സബ്സിഡിയാണ് അനുവദിച്ചതെന്ന് വ്യക്തമല്ല.)

ഡി). പാൽ അളവ് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പുങ്ങഞ്ചാൽ ക്ഷീരസംഘത്തിന് ആകെ 4,40,836 രൂപയാണ് നല്കിയത് ഇതിൽ സമീപഗ്രാമ പഞ്ചായത്തുകളിലെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്കുള്ള സബ്സഡിയും ഉൾപ്പെടുന്നു. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ ഭാഗികമായി മാത്രമാണ് പാൽഅളവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ കൊന്നക്കാട് കെ.എസ്.എസ് (₹10,467/-), കാലിച്ചാമരം കെ.എസ്.എസ് (₹30,961/-), മണ്ഡപം കെ.എസ്.എസ് (₹48,542/-), പുങ്ങഞ്ചാൽ കെ.എസ്.എസ് (₹56,760/-), വെള്ളരിക്കുണ്ട്.കെ.എസ്.എസ്.(₹1,09,677) എന്നീ ക്ഷീര സംഘങ്ങളിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ പാൽ അളവ് രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ സമീപ ഗ്രാമ പഞ്ചായത്തുകളിലെ ക്ഷീര സംഘങ്ങളിൽ പാൽ അളന്ന ക്ഷീരകർഷകർക്ക് പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിന്നും സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലയെന്നത് തെളിയിക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
ഇ) പെരളം ക്ഷീരസംഘത്തിന് 18,445/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ വിവരം, പാൽ അളന്നതിന്റെ കണക്ക് ,അർഹതപ്പെട്ട സബ്സിഡി തുക തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എഫ്) പുത്തരിയംകല്ല് ക്ഷീര സംഘത്തിന് ആകെ 1,65,757/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പാൽ അളന്നതിന്റെ കണക്ക്,അർഹതപ്പെട്ട സബ്സിഡി തുക തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് 1,41,273 രൂപ കൈമാറിയതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയെങ്കിലും ഇതിൽ പാൽ അളവ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച ന്യൂനതകൾ ഓഡിറ്റ് എൻക്വയറി നം. 2- തിയതി 6.02.2019 നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കുകയോ പരാമർശിത രേഖകൾ ഹാജരാക്കുകയോ ഉണ്ടായില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ 14,28,806 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ -ഗുണഭോക്തൃവിഹിതം നേരിട്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച്.

നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജ്ജൻ :2017-18 വർഷം നടപ്പിലാക്കിയ പശുവളർത്തൽ പദ്ധതി (ജനറൽ വനിത(പ്രൊ.നം.173/18) , ടി.എസ്.പി-വനിത (പ്രൊ.നം175/18) എന്നിവ പ്രകാരം ആകെ 64 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ഇതിനായി സബ്സിഡിയിനത്തിൽ വികസനഫണ്ടിൽ നിന്നും 16.65,000/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്(ജനറൽ 12,75,000 & ടി.എസ്.പി.3,90,000/-). പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃവിഹിതം ഗുണഭോക്താവ് നേരിട്ട് വില്പനചെയ്യുയാൾക്ക് നല്കുന്ന രീതിയാണ് സ്വീകരിച്ച് വരുന്നത്. ആയത് സാധൂകരിക്കുന്നതിനായി വില്പനക്കാരൻ നല്കുന്ന രസീതി മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. സബ്സിഡി തുക പശുവനെ വില്പന ചെയ്യുവർക്ക് ബാങ്ക് അക്കൗണ്ട് മുഖേന നല്കിയിട്ടുണ്ടെങ്കിലും, ഗുണഭോക്തൃവിഹിതം ബാങ്ക് അക്കൗണ്ട് മുഖേന നല്കിയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല. ഇതുമൂലം ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പശുവിന്റെ ആകെ വില 50,000 രൂപ കൈപ്പറ്റിയതായുള്ള വില്പനക്കാരന്റെ രസീത് മാത്രമാണ് ഗുണഭോക്തൃ വിഹിതത്തിന്റെ വിനിയോഗം സാധൂകരിക്കുന്ന രേഖ. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രം, ഇൻഷുറൻസ് രേഖകൾ എന്നിവയിൽ പശുവിന്റെ ആകെ വില 50,000 രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഗുണഭോക്തൃ വിഹിതത്തിന്റെ വിനിയോഗം ഉറപ്പാക്കുന്നതിനായി ഇത്തരം പദ്ധതികൾ വായ്പാ ബന്ധിത പദ്ധതികളായോ, ഗുണഭോക്തൃവിഹിതം നേരിട്ട് സ്വീകരിച്ച് അതുൾപ്പടെ ഉരുക്കളെ വിൽക്കുന്നയാൾക്ക് നല്കുന്ന രീതിയിൽ നടപ്പിലാക്കുവാനോ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പശുവളർത്തൽ പദ്ധതി -(ടി.എസ്.പി)

പ്രൊ.നം.175/18 പ്രകാരം പശുവിനെ വാങ്ങിയ ശ്രീമതി.അമ്മിണി കുഞ്ഞിക്ക, എച്ചിപ്പൊയിൽ എന്ന ഗുണഭോക്താവ് താൻ വാങ്ങിയ പശു മരണപ്പെട്ടതായി 29-10-2018ന് നിർവ്വഹണ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയക്കുകയുണ്ടായി. ടിയാൾക്ക് ഇൻഷുറൻസ് ആനുകൂല്യം ലഭിച്ചതിന്റെയും, പകരം പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 8- തിയതി 11.02.2019 പ്രാകരം ആവശ്യപ്പെട്ടതിന്

നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ ഇൻഷുറൻസ് ക്ലെയിം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതായും ആയത് ലഭ്യമായാലുടൻ പശുവിനെ വാങ്ങുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. സബ്സിഡി മാനദണ്ഡ പ്രകാരം കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ഗുണഭോക്താവ് പശുവിനെ വളർത്തുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ആയതിനാൽ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താവ് പകരം പശുവിനെ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പശുവിനെ വാങ്ങിയതിന്റെയും ഇൻഷ്വർ ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **3-11** <u>വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.</u>

2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി

1,602,480 /- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക (₹) | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം.237/18<br>തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 20/27.3.2018 | 59,9,980/- | കെ.എസ്. ഇ.ബി |
| 2 | സെക്രട്ടറി | പ്രൊ.നം.69/18<br>മുള്ളങ്കൈ കുടിവെള്ള പദ്ധതി | 36/03.5.2017 | 1,30,000/- | കേരള വാട്ടർ അതോറിറ്റി |
| 3 | സെക്രട്ടറി | പ്രൊ.നം.199/18<br>എൻ.പി.ആർ. പി.ഡി വഹിതം | 11/27-9-2017 | 1,40,000/- | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |

| | | | | | |
|---|---|---|---|---|---|
| 4 | സെക്രട്ടറി | പ്രൊ.നം.149/18 പി.എം. എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 7/31-7-2017 | 60,000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് പരപ്പ |
| 5 | അസിസ്റ്റന്റ് സെക്രട്ടറി | പ്രൊ.നം.129/18 വിവിധഎസ്.ടി. കോളനികളിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ.നം. 12/17-18 തി.12-1-2018 | 5,00,000/- | കേരള വാട്ടർ അതോറിറ്റി |
| 6 | അസിസ്റ്റന്റ് സെക്രട്ടറി | പ്രൊ.നം. 132/18 പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം ( ടി.എസ്. പി) | 2/17-18/ 31-07-17 ₹287500/- (₹115000 UC ലഭിച്ചു) | 1,72,500/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് പരപ്പ |
| | | | ആകെ | 16,02,480/- | |

## 3-12 വികലാംഗസൗഹൃദ ഭവനം- പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാസറഗോഡ് ജില്ലാ പഞ്ചായത്ത് ദേശീയ വികലാംഗപുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പ്രത്യേക അനുമതിയോടെ നടപ്പാക്കിയ വികലാംഗ സൗഹൃദ ഭവന പദ്ധതിയുടെ ഭാഗമായി ആറ് ഗുണഭോക്താക്കൾക്കായി 18 ലക്ഷം രൂപ 2014-15, 2015-16 വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയുണ്ടായി. മൂന്ന് ലക്ഷം രൂപയാണ് പദ്ധതിപ്രകാരമുള്ള ഭവനത്തിന്റെ യൂണിറ്റ്കോസ്റ്റ്. രണ്ട് പ്രാവശ്യമായി ആകെ എട്ട് ഗുണഭോക്താക്കളെയാണ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തത്. പദ്ധതിപ്രകാരം മൂന്ന് ഗുണഭോക്താക്കൾ 2017-18 വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഒരു ഗുണഭോക്താവന്റെ ഭവനം പൂർത്തീകരണ ഘട്ടത്തിലുമാണ്. അവശേഷിച്ച നാല് ഗുണഭോക്താക്കളിൽ ഒരാൾക്ക് വാസയോഗ്യമായ ഭവനമുണ്ടെന്നും, ഒരാൾക്ക് ഭൂമിയില്ലെന്നും, മറ്റ് രണ്ട്പേർ ഭവന നിർമ്മാണത്തിന് തയ്യാറല്ലയെന്ന് അറിയിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ അറിയക്കുകയുണ്ടായി . നിലവിലെ ഗുണഭോക്താക്കൾ തയ്യാറല്ലാത്തതിനാൽ പദ്ധതിയ്ക്കായി ലഭിച്ച 18ലക്ഷം രൂപയിൽ 6 ലക്ഷം രൂപ ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നലവിലുള്ളത്. എന്നാൽ വിശദമായ പരിശോധന നടത്തിയാൽ പദ്ധതി മാനദണ്ഡപ്രകാരം

അർഹതയുള്ള ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്തിൽ കണ്ടെത്തുവാൻ സാധിക്കും. ഇക്കാര്യം പരിശോധിച്ച് വികലാംഗ സൗഹൃദ ഭവന പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് ഏറ്റവും അർഹതയുള്ള ഗുണഭോക്താക്കളെ ഗ്രാമ സഭകൾ മുഖേന തെരഞ്ഞെടുത്ത് പുതുക്കിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിയ ശേഷം അവശേഷിച്ച തുക വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-13 അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 40അങ്കണവാടികളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കെട്ടിടം, വൈദ്യുതി എന്നിവ ഏർപ്പെടുത്തുവാൻ അവശേഷിക്കുന്നതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ ഭരണ സമിതിയുടെ അടിയന്തിരശ്രദ്ധയിലേയ്ക്കായി ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ഇനം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമില്ലാത്തവ | 5 |
| 2 | കുടിവെള്ള സൗകര്യമില്ലാത്തവ | 11 |
| 3 | വൈദ്യുതി ഇല്ലാത്തവ | 25 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 7 |

ഗ്രാമ പഞ്ചായത്തിലെ ഭൂരിപക്ഷം അങ്കണവാടികളിലും വൈദ്യുതി എത്തിയിട്ടില്ലയെന്നകാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ പരാമർശിച്ച അടിസ്ഥാന സൗകര്യങ്ങൾ വരും വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടികളിൽ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 2,46,500 | പ്രൊ.നം.172/18പച്ചക്കറി കൃഷി വികസനം (കൂലിച്ചെലവ് ) | 1,38,720 | 1,07,780 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 2017-18 | 2,26,700 | പ്രൊ.നം.180/18ക്ഷീര കർഷകർക്ക് സബ്സിഡി | 2,26,700 | 0 |
| | 2017-18 | 4,24,000 | പ്രൊ.നം.115/18ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 4,00,000 | 24,000 |
| | 2017-18 | 9,25,000 | പ്രൊ.നം.72/18ഭീമനടി പൊതുശ്മശാനം നവീകരണം | 0 | 9,25,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20,,00,000 | പ്രൊ.നം.72/18ഭീമനടി പൊതുശ്മശാനം നവീകരണം | 0 | 20,00,000 |
| | 2017-18 | 1,00,000 | പ്രൊ.നം.112/18പാലിയേറ്റീവ് പരിചരണം | ,100,000 | 0 |
| | 2017-18 | 4,82,000 | പ്രൊ.നം.180/18ക്ഷീര കർഷകർക്ക് സബ്സിഡി | 4,82,000 | 0 |

സംയുക്തപദ്ധതികൾക്കായി വിവിധസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുക എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക വിനിയോഗിക്കുവാൻ സാധിക്കാത്തപക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നല്കുവാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രൊ.നം.237/18 തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 20/27.3.2018 | ₹5,99,980/- | 0 | ₹5,99,980/- |
| കേരള ജല അതോറിറ്റി | പ്രൊ.നം.69/18 മുള്ളങ്കൈ കുടിവെള്ള പദ്ധതി | 36/03.5.2017 | ₹1,30,000/- | 0 | ₹1,30,000/- |
| കേരള ജല അതോറിറ്റി | പ്രൊ.നം.129/18 എസ്.ടി.കോളനികളിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 12/12.01.2018 | ₹5,00,000/- | 0 | ₹5,00,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സ) നം.565/10 തസ്വഭവ,തി. 27-02-2010 | ₹1,29,50,000 | ₹19,99,540 | ₹13,08,107 | - | ₹6,91,433/- |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,30,562/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2015-16 | 3(1) | 9,982 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 117010100428/ 08/05/2017 |
| 2015-16 | 3(1) | 1,526 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 117010100426/ 08/05/2017 |
| 2015-16 | 3(1) | 11,544 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 117010100427/ 08/05/2017 |

| | | | | |
|---|---|---|---|---|
| 2015-16 | 3(1) | 5,222 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 117010100423/ 08/05/2017 |
| 2015-16 | 3(2) | 18,894 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 117010100424/ 08/05/2017 |
| 2015-16 | 3(6) | 2,570 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 117010100429/ 08/05/2017 |
| 2015-16 | 3(7) | 15,323 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 117010100425/ 08/05/2017 |
| 1999-2000 | 2-(1) | 220 | ബ്ലസി തോമസ് | 117010102385/ 27/10/2017 |
| 1999-2000 | 2(1),3(1) | 1,430 | കെ കെ ദാമോദരൻ<br>മുൻ സെക്രട്ടറി | 117010103759/ 17/1/2018 |
| 1999-2000 | 9 | 926 | പി എം മത്തായി | 117010103760/ 17/1/2018 |
| അധിക ശമ്പളം കൈപ്പറ്റിയത് (സേവന പുസ്തക പരിശോധന പ്രകാരം) | - | 62,925/-* | കെ കെ ദാമോദരൻ<br>മുൻ സെക്രട്ടറി | 117010102865/ 14/11/2017 |
| | ആകെ | 1,30,562/- | | |

(ആദ്യ ഏഴ വരികളിലെ തുകകൾ (65,061/-) പ്രൈയർ പീര്യഡ് പ്രോഗ്രാം എക്സ്പെൻസ് എന്ന ഹെഡ്ഡിലും, അവസാന അഞ്ച് വരികളിൽ ഉൾപ്പെട്ട (65,501/-)രൂപ വാർഷിക ധനകാര്യ പത്രികയിൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡ്ഡിലുമാണ് ഉൾപ്പെട്ടിട്ടുള്ളത്.)

*ചുവടെ ചേർത്ത തുകകൾ ട്രഷറിയിൽ നേരിട്ട് ഒടുക്കിയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2015-16 | 3(3) | 11,640 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 08/05/2017 ന് ട്രഷറിയിൽ ചലാൻ |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം ഒടുക്കി |
| 2015-16 | 3(5) | 6,316 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 08/05/2017 ന് ട്രഷറിയിൽ ചലാൻ പ്രകാരം ഒടുക്കി |
| 2015-16 | 3(9) | 2,545 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 08/05/2017 ന് ട്രഷറിയിൽ ചലാൻ പ്രകാരം ഒടുക്കി |
| 2015-16 | 3(8) | 12,513 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി സെക്ഷൻ | 08/05/2017 ന് ട്രഷറിയിൽ ചലാൻ പ്രകാരം ഒടുക്കി |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 plan | 10 | 2005-06 | 2.94.1 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത് ₹29,25,000 | വിനിയോഗസാക്ഷ്യ പത്രം സമർപ്പിച്ചിട്ടുണ്ട്. നിയമസഭ സമിതി പരിഗണനയിൽ |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 4.1.7 | നിഷ്ക്രിയാവസ്ഥയിലുള്ള വിവിധ കുടിവെള്ള പദ്ധതികൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 5.7.7 | പറമ്പ ICDP സബ്സെന്റർ 8 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | മറുപടി ലഭ്യമാക്കിയിട്ടില്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,50,39,263 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,41,44,701 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹70,047/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹14,28,806/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ഇല്ല | ₹14,580/- | മോഹനൻ.പി.വി അസിസ്റ്റന്റ് എഞ്ചിനീയർ.<br>കുഞ്ഞുമോൻ.കെ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | ഇല്ല | ₹2,744/-- | മോഹനൻ.പി.വി അസിസ്റ്റന്റ് എഞ്ചിനീയർ.<br>കുഞ്ഞുമോൻ.കെ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-3 | ഇല്ല | ₹2,723/- | മോഹനൻ.പി.വി അസിസ്റ്റന്റ് എഞ്ചിനീയർ.<br>കുഞ്ഞുമോൻ.കെ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-6 | ഇല്ല | ₹50,000/-- | റീന കുമാരി.പി. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | ₹14,28,806/- | ശ്രീ.ജോസ് ജയകുമാർ , ഡയറി ഫാം ഇൻസ്ട്രക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മോഹനൻ.പി.വി അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനിയർ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | പട്ടുവം വീട്ടിൽ, പേരോൽ, എം.എം. ബസാർ.പി.ഒ, കണ്ണൂർ ജില്ല. |
| കുഞ്ഞുമോൻ.കെ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ പരപ്പ ബ്ലോക്ക് പഞ്ചായത്ത് | അജന്ത ഹൗസ്, കറുകയിൽ, തട്ടംപള്ളി, ആലപ്പുഴ പിൻ.680013 |
| റീന കുമാരി.പി. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | പൂങ്കാവനം ചാലിൽ വീട്, നടുവണ്ണൂർ പി.ഒ, കോഴിക്കോട് ജില്ല. |

## 4-10 <u>തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (exp) | KSA.KSD.10/111/2016(3) തിയ്യതി.18.04.16 | 1 |
| 1997-98(p) | KSA.KSD.10/111/2016(4) തിയ്യതി.18.04.16 | 1 |
| 1997-98(f) | KSA.KSD.10/111/2016(5) തിയ്യതി.18.04.16 | 5 |
| 1998-99(p) | KSA.KSD.10/111/2016(6) തിയ്യതി.18.04.16 | 1 |
| 1998-99(f) | KSA.KSD.10/111/2016(7) തിയ്യതി.18.4.16 | 3 |
| 1999-00(p) | KSA.KSD.10/111/2016(8) തിയ്യതി.18.04.16 | 3 |
| 1999-00(f) | KSA.KSD.10/111/2016(9) തിയ്യതി.18.04.16 | 2 |
| 2000-01(p) | KSA.KSD.10/111/2016(10) തിയ്യതി.18.04.16 | 3 |
| 2000-01(f) | KSA.KSD.10/111/2016(11) തിയ്യതി.18.04.16 | 3 |

| | | |
|---|---|---|
| 2001-02(p) | KSA.KSD.10/111/2016(12) തിയ്യതി.18.04.16 | 4 |
| 2001-02(f) | KSA.KSD.10/111/2016(13) തിയ്യതി.18.04.16 | 6 |
| 2002-03 | KSA.KSD.10/111/2016(14) തിയ്യതി.18.04.16 | 6 |
| 2003-04 | KSA.KSD.10/111/2016(15) തിയ്യതി.18.04.16 | 9 |
| 2004-05 | KSA.KSD.10/111/2016(16) തിയ്യതി.18.04.16 | 9 |
| 2005-06 | KSA.KSD.10/111/2016(17) തിയ്യതി.18.04.16 | 7 |
| 2006-07 | KSA.KSD.10/111/2016(18) തിയ്യതി.18.04.16 | 13 |
| 2007-08 | KSA.KSD.10/111/2016(19) തിയ്യതി.18.04.16 | 18 |
| 2008-09 | KSA.KSD.10/111/2016(20) തിയ്യതി.18.04.16 | 11 |
| 2009-10 | KSA.KSD.10/111/2016(21) തിയ്യതി.18.04.16 | 19 |
| 2010-11& 2011-12 | KSA.KSD.10/382/2015 തിയ്യതി.20.11.15 | 27 |
| 2012-13& 2013-14 | KSA.KSD.10/1094/2016 തിയ്യതി.16.03.17 | 17 |
| 2014-15 | KSA.KSD.10/727/2016 തിയ്യതി.02.03.17 | 8 |
| 2015-16 | KSA.KSD.10/70/2017 തിയ്യതി.13.01.17 | 16 |
| 2016-17 | KSA.KSD.10/681/2017 തിയ്യതി.23.06.17 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ) ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

തീയ്യതിഃ 22.02.2019.

# അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| West Eleri Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14564149.00 |
| Cash | Cash | RP-40(a) | 109000.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1001170.00 |
| 140000000 | Fees & User Charges | RP-4 | 294676.00 |
| 150000000 | Sale & Hire Charges | RP-5 | 80860.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63249188.00 |
| 171000000 | Interest Earned | RP-9 | 223030.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6925884.00 |
| 350000000 | Other Liabilities | RP-36 | 81770.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 77810.00 |
| 311000000 | Earmarked Funds | RP-29 | 579.00 |
| 340000000 | Deposits Received | RP-34 | 7722.00 |
| 350000000 | Other Liabilities | RP-36 | 149310.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 2923542.00 |
| 460000000 | Loans, Advances and Deposits | RP-47 | 23722.00 |
| | Grand total | | 89712412.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2713264.00 |
| 220000000 | Administrative Expenses | RP-12 | 1174579.00 |
| 230000000 | Operations & Maintenance | RP-13 | 1551427.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7005256.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17958691.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2460212.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 219600.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 172920.00 |
| 255000000 | Maintenance Projects | RP-20 | 12101983.00 |
| 280000000 | Prior Period item | RP-26 | -65061.00 |
| 350000000 | Other Liabilities | RP-36 | 4412184.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1182.00 |
| 330000000 | Secured Loans | RP-32 | 1300000.00 |
| 350000000 | Other Liabilities | RP-36 | 1711156.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 21886312.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8571501.00 |
| 460000000 | Loans, Advances and Deposits | RP-47 | 969495.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 5481135.00 |
| Cash | Cash | RP-40(b) | 86576.00 |
| | Grand Total | | 89712412.00 |

# അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| West Eleri Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3388833.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 181192.00 |
| 140000000 | Fee & User Charges | I-4(b) | 350676.00 |
| 150000000 | Sale & Hire Charges | I-5(b) | 81110.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 128254005.00 |
| 171000000 | Interest Earned | I-8 | 223030.00 |
| 180000000 | Other Income | I-9 | 77810.00 |
| | Total Income | | 132556656.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8656763.00 |
| 220000000 | Administrative Expenses | I-11(b) | 1173841.00 |
| 230000000 | Operations & Maintenance | I-12(b) | 1557839.00 |
| 240000000 | Interest & Finance Charges | I-13 | 1182.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11951456.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47329599.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2460212.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 219600.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 45926620.00 |
| 255000000 | Maintenance Projects | I-14(e) | 12101983.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 37117.00 |
| 272000000 | Depreciation | I-17(a) | 13064203.00 |
| | Total Expenditure | | 144480415.00 |
| | Gross Surplus/ Deficit of income over Expenditure | | -11923759.00 |
| 280000000 | Prior Period Item | I-18 | 401704.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -12325463.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| West Eleri Grama Panchayat BALANCE SHEET | | | |
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -9927201.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15055.00 |
| 312000000 | Reserves | B-3 | 103013182.00 |
| | Total Reserve & Surplus | | 93101035.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7293855.00 |
| | Total Grants, Contributions for Specific Purposes | | 7293855.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 691433.00 |
| | Total Loans | | 691433.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 602523.00 |
| 350000000 | Other Liabilities | B-9 | 1089683.40 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 1692206.40 |
| | TOTAL LIABILITIES | | 102778530.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 125227854.00 |
| 411000000 | Accumulated Depreciation | B-11 | -38265481.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 86962373.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8747240.00 |
| 440000000 | Pre-paid Expenses | B-16 | 691433.00 |
| 450000000 | Cash and Bank Balance | B-17 | 5567711.00 |
| 460000000 | Loand, Advances and Deposits | B-18 | 809773.00 |
| | Total Current Assets, Loans and Advances | | 15816157.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 102778530.00 |